**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 1776 — 10-03-2020-ൽ മറുപടിയ്ക്ക്

**പട്ടികജാതി കോളനിയിൽ കുടിവെള്ളം നിഷേധിച്ച സംഭവം**

| **ചോദ്യം**<br>**ശ്രീ. ഒ. രാജഗോപാൽ** | | **മറുപടി**<br>**പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
|---|---|---|
| എ) പൗരത്വ നിയമ ഭേദഗതിയെ അനുകൂലിച്ചതിന്റെ പേരിൽ വളാഞ്ചേരി പൈങ്കണ്ണൂർ തെക്കുംമുറി പട്ടികജാതി കോളനിയിൽ കുടിവെള്ളം നിഷേധിച്ച സംഭവം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ അന്വേഷണം നടത്തുമോ; കുടിവെള്ള വിതരണം പുന:സ്ഥാപിക്കുവാൻ തയ്യാറാകുമോ;<br>ബി) കോളനി നിവാസികൾക്ക് എതിരെ ഉണ്ടാകുന്ന ഭീഷണിയും ഒറ്റപ്പെടുത്തലും സംബന്ധിച്ച് അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ;<br>സി) കുറ്റക്കാർക്കെതിരെ പട്ടികജാതി പീഢന നിരോധന നിയമ പ്രകാരം നടപടി എടുക്കുവാൻ തയ്യാറാകുമോ എന്ന് വെളിപ്പെടുത്താമോ? | (എ)<br>&<br>(ബി)<br>&<br>(സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വളാഞ്ചേരി ടൗണിൽ വച്ച് നടന്ന സി.എ.എ. വിശദീകരണ യോഗത്തിൽ പൈങ്കണ്ണൂർ, ചെറുകുന്ന് ഹരിജൻ കോളനിയിലെ മൂന്ന് നാല് പേർ പങ്കെടുത്തു എന്ന കാരണത്താൽ അവർക്ക് സ്ഥിരമായി ലഭിച്ചുകൊണ്ടിരുന്ന കുടിവെള്ളം തടസ്സപ്പെടുത്തി ഹരിജനങ്ങളായവർക്ക് ബുദ്ധിമുട്ടുണ്ടാക്കി എന്ന കാര്യത്തിന് കോളനിയിലെ 51 ഓളം പേർ ഒപ്പിട്ട് നൽകിയ പരാതി പ്രകാരം കുറ്റിപ്പുറം പോലീസ് സ്റ്റേഷൻ ക്രൈം നം. 38/2020 u/s 3(1)(za) (A) of SC/ST (Prevention of Atrocities) Act 1989 (Amendment 2015) ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു.<br>കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനായി മലപ്പുറം ജില്ലയിൽ വളാഞ്ചേരി മുനിസിപ്പാലിറ്റിയിൽ പൈങ്കണ്ണൂർ തെക്കുംമുറി കോളനിയിൽ 23 കുടുംബങ്ങൾക്ക് കുറ്റിപ്പുറം ഗ്രാമ പഞ്ചായത്ത് മുഖേന പ്രതിദിനം ആറായിരത്തോളം ലിറ്റർ കുടിവെള്ളം നൽകി വരുന്നുണ്ട്. കൂടാതെ കുടിവെള്ള ക്ഷാമത്തിന് ശാശ്വത പരിഹാരം കാണുന്നതിന് ഭാരതപ്പുഴയിൽ തിരുനാവായ കുടിവെള്ള പദ്ധതിയിൽ നിന്നും കോളനിയിലേയ്ക്ക് കുടിവെള്ളമെത്തിക്കുന്നതിനായി തിരുനാവായ ഭാഗത്ത് കുടിവെള്ള പൈപ്പ് ലൈൻ റെയിൽ ക്രോസ് ചെയ്യുന്നതിന് റെയിൽവേ അധികൃതരിൽ നിന്നും അനുമതി ലഭ്യമാക്കി കുടിവെള്ള പൈപ്പ് ലൈൻ റെയിൽ ക്രോസ് ചെയ്യുന്നതിനുള്ള പ്രവൃത്തികൾ നടന്നുവരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**